ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും അനാസ്ഥമൂലമുണ്ടായിട്ടുള്ള അപകടങ്ങൾ

* 108. [1.13] ശ്രീ. വി. കെ. രാജൻ :
,, പി. കുമാരൻ :
,, കെ. ടി. കുമാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1986 മാർച്ച് മാസം 15 വരെ ഡോക്ടർമാരുടെയോ സ്റ്റാഫിന്റെയോ അനാസ്ഥകൊണ്ട് രോഗികൾക്ക് അപകടം സംഭവിച്ചതായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ ;
(ബി) ഉണ്ടെങ്കിൽ എത്ര ;
(സി) അവ എവിടെയെല്ലാം ;
(ഡി) അതിൻമേൽ ഇതിനകം വല്ല നടപടിയും എടുത്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :
(എ) ഉണ്ട്.
(ബി) 20 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.
(സി. ആൻഡ് ഡി.) വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വെച്ചിട്ടുണ്ട്. †

ശ്രീ. പി. കുമാരൻ : സർ, ഇരുപത് സംഭവങ്ങൾ ഉണ്ടായിട്ടുള്ളതായി ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അതേതെല്ലാം ജില്ലകളിലാണെന്ന് വ്യക്തമാക്കാമോ ? ഏതെല്ലാം ഡോക്ടർമാർക്ക് ശിക്ഷ നൽകിയിട്ടുണ്ട്, എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് പറയാമോ ?

ശ്രീ. കെ. കരുണാകരൻ : ഇതിന്റെ ലിസ്റ്റ് ഞാൻ വായിക്കാം.

1. ഗവൺമെന്റ് ആശുപത്രി, പഴയന്നൂർ, തൃശ്ശൂർ.
2. ഗവൺമെന്റ് ആശുപത്രി, മണ്ണാർക്കാട്, പാലക്കാട്.
3. ജില്ലാ ആശുപത്രി, കണ്ണൂർ, (രണ്ടു സംഭവങ്ങൾ).
4. ഗവൺമെന്റ് ആശുപത്രി, കോട്ടപ്പുറം.
5. ഗവൺമെന്റ് ആശുപത്രി, ചേർത്തല, ആലപ്പുഴ.
6. ഗവൺമെന്റ് ആശുപത്രി, ചാലക്കുടി.
7. ഗവൺമെന്റ് ആശുപത്രി, അന്തിക്കാട്.
8. ജില്ലാ ആശുപത്രി, മാനന്തവാടി.
9. ഗവൺമെന്റ് ആശുപത്രി, വടകര.
10. താലൂക്ക് ആശുപത്രി, ഇരിങ്ങാലക്കുട.
11. ഗവൺമെന്റ് ആശുപത്രി, തലശ്ശേരി.
12. മാനസികരോഗാശുപത്രി, തൃശ്ശൂർ.
13. താലൂക്കാശുപത്രി, നെയ്യാറ്റിൻകര (രണ്ടുസംഭവങ്ങൾ)
14. ഗവൺമെന്റ് ആശുപത്രി, ചങ്ങനാശ്ശേരി.
15. ഗവൺമെന്റ് ആശുപത്രി, നെടുമങ്ങാട്.
16. ഗവൺമെന്റ് ആശുപത്രി, മലപ്പുറം.
17. വിമൻസ് ആൻഡ് ചിൽഡ്രൻസ് ആശുപത്രി, ആലപ്പുഴ.
18. ഗവൺമെന്റ് ആശുപത്രി, കടയ്ക്കൽ, കൊല്ലം.

അനുബന്ധം—†

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കുമാരൻ : സർ, മണ്ണാർക്കാട് നടന്ന സംഭവവുമായി ബന്ധപ്പെട്ട ഡോക്ടർമാർക്ക് എന്തു ശിക്ഷയാണ് നൽകിയിട്ടുള്ളത് ?

ശ്രീ. കെ. കരുണാകരൻ : ഈ ലിസ്റ്റിൽ മൊത്തം കേസുകളുടെ വിവരങ്ങളുണ്ട്. അതിൽ നാലെണ്ണത്തിന് ശിക്ഷാ നടപടികൾ പൂർത്തിയായി. ഒൻപതെണ്ണത്തിന്റെ നടപടികൾ ഡയറക്ടറുടെ നേതൃത്വത്തിൽ എടുത്തുവരുന്നുണ്ട്, ബാക്കി ഏഴെണ്ണത്തിൽ ഗവൺമെന്റ് തലത്തിൽ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കുമാരൻ : ഏതൊക്കെ ഡോക്ടർമാരെ ഈ കേസുകളുമായി ബന്ധപ്പെട്ട് ശിക്ഷിച്ചിട്ടുണ്ട് ?

ശ്രീ. കെ. കരുണാകരൻ : നാലുപേരെ ശിക്ഷിച്ചിട്ടുണ്ട്.

മി. സ്പീക്കർ : പ്രധാന ചോദ്യകർത്താവിന് സ്റ്റേറ്റുമെന്റ് കൊടുക്കുന്ന പതിവുണ്ട്. ഏതെങ്കിലും കാരണവശാൽ പ്രധാന ചോദ്യകർത്താവിന് അത് കിട്ടാതെ വരികയാണെങ്കിൽ വിവരം മുൻകൂട്ടി അറിയിക്കുന്നത് നന്നായിരിക്കും.

ശ്രീ. കെ. ടി. കുമാരൻ : ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും അനാസ്ഥമൂലം അപകടമരണങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ ചില ആശുപത്രികളിൽ ആവശ്യത്തിനുള്ള ഉപകരണങ്ങൾ ഇല്ലാത്തതിന്റെ ഫലമായി എത്ര രോഗികൾ മരിക്കാനിടയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. കരുണാകരൻ : ആശുപത്രികളിൽ ഉപകരണങ്ങൾ ഇല്ലാതെ വന്നതിന്റെ പേരിൽ ആരും മരിച്ചതായി കാണുന്നില്ല.

ശ്രീ. കെ. ടി. കുമാരൻ : പ്രാപ്തിയും കഴിവുമുള്ള ഡോക്ടർമാരെ അറബിനാടുകളിലേക്കും അതുപോലെതന്നെ സഹകരണ ആശുപത്രികളിൽ ഡെപ്യൂട്ടേഷൻ സമ്പ്രദായത്തിലും മറ്റും അയയ്ക്കുന്നതിന്റെ ഫലമായി കഴിവില്ലാത്ത ഡോക്ടർമാർ ആണ് മിക്കവാറും എല്ലാ ജില്ലാ ആശുപത്രികളിലും ഉള്ളതെന്നു മനസ്സിലാക്കിക്കൊണ്ട് അതിനുവേണ്ടി എന്തു നടപടികളെടുക്കാനാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് പറയാമോ ?

ശ്രീ. കെ. കരുണാകരൻ : അതു ശരിയല്ല. ഗവൺമെന്റ് ആശുപത്രികളിൽ ഉള്ള ഡോക്ടർമാർ വളരെ കോമ്പിറ്റന്റ് ആയിട്ടുള്ളവർതന്നെയാണ്. അപൂർവ്വം ചില കേസുകളിൽ ഡോക്ടർമാർ ഡെപ്യൂട്ടേഷനിൽ പോകാറുണ്ട്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ഡോക്ടർമാരുടേയും സ്റ്റാഫിന്റെയും അനാസ്ഥമൂലമുണ്ടാകുന്ന സംഭവങ്ങളെക്കുറിച്ച് ഏത് വകുപ്പാണ് അന്വേഷിച്ച് നടപടികൾ എടുക്കുന്നത് ? പലപ്പോഴായി കണ്ടുവരുന്നത്, മെഡിക്കൽ വകുപ്പിനേക്കാൾ പോലീസ് വകുപ്പാണ് ഇത് കൈകാര്യം ചെയ്യുന്നതെന്നാണ്. സാധാരണ ഗതിയിൽ ഇതിനെക്കുറിച്ച് എക്സ്പെർട്ടായ ആളുകളെക്കൊണ്ട് അന്വേഷണം നടത്തി അതിനുശേഷം പോലീസ് വകുപ്പ് ഇത് കൈകാര്യം ചെയ്യേണ്ടതാണ്. എന്നാൽ പോലീസ് വകുപ്പുതന്നെ ഇത്തരം കാര്യങ്ങൾ ആദ്യമേ കൈകാര്യം ചെയ്യുന്ന പ്രണതയാണ് കണ്ടുവരുന്നത്. എന്താണ് ഇപ്പോൾ നടക്കുന്ന നടപടിക്രമങ്ങൾ ?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കരുണാകരൻ : ഇത്തരം കാര്യങ്ങളൊക്കെ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ വിജിലൻസ് ഓഫീസർമാരും കൂടിയാണ് അന്വേഷണം നടത്തുന്നത്. അന്വേഷണത്തിൽ എന്തെങ്കിലും തരത്തിൽ അനാസ്ഥ ഉണ്ടായിട്ടുണ്ട്, അല്ലെങ്കിൽ മരണം ഡോക്ടർമാരുടെ അശ്രദ്ധകാരണമാണ് എന്നു കണ്ടാൽ ചിലപ്പോൾ കൊലക്കുറ്റത്തിന് കേസെടുക്കേണ്ടി വന്നിട്ടുണ്ട്. അങ്ങനെ കൊലക്കുറ്റത്തിനു കേസെടുക്കുന്നതിനുമുമ്പായി ഡിസ്ട്രിക്റ്റ് സുപ്രണ്ട് ഓഫ് പോലീസും ഡി.എം.ഒ. യും കൂടി ഈ കേസ് പരിശോധിച്ചതിനു ശേഷമാണ് നടപടികളെടുക്കുന്നത്. അതിനുമുമ്പ് പ്രാദേശികമായ പരാതികളിൻമേൽ, വിശേഷിച്ചും പൊതുജന പ്രക്ഷോഭണം ഉണ്ടാകുകയാണെങ്കിൽ അതിനൊരു ആശ്വാസം നൽകാൻവേണ്ടി പോലീസ് ഇടപെടാറുണ്ട്. അങ്ങനെ ഇടപെടുന്നത് മെഡിക്കൽ പ്രാക്ടീഷനേഴ്സിനെ സംബന്ധിച്ചിടത്തോളം അവരുടെ സംരക്ഷണത്തിനു ദോഷകരമായി തീരുമെന്നുള്ള പരാതിയെ തുടർന്നാണ് ഇങ്ങനെ ഒരേർപ്പാട് ഉണ്ടാക്കിയത്. അതായത് ചുമതലപ്പെട്ട സീനിയർ ഓഫീസർ നോക്കിയിട്ടുമാത്രമേ അനന്തര നടപടികളും സ്വീകരിക്കാവൂ യെന്നു നിശ്ചയിച്ചിട്ടുള്ളത്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : കോട്ടയം മെഡിക്കൽ കോളേജിൽ ചെവിക്ക് വേദനയായിട്ട് ചെന്ന ഒരു കുട്ടിയുടെ തൊണ്ടയിൽ ഓപ്പറേഷൻ നടത്തിയതായി പത്രങ്ങളിലൊക്കെ വാർത്ത വന്നിരുന്നു. അതിനെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ, നടപടി വല്ലതും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : ആ റിപ്പോർട്ട് ശരിയല്ല. ചെവിക്ക് വേദനയായിട്ട് ചെന്ന കുട്ടിക്ക് തൊണ്ടയിൽ വേദന വരികയും ശ്വാസത്തിനു തടസ്സം വന്നതിനാൽ ആ തടസ്സം നീക്കാൻവേണ്ടി ഓപ്പറേഷൻ നടത്തിയതുമാണ്. അങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ ആ രോഗി മരിക്കുമായിരുന്നു. ചെവി വേദനയായിട്ട് അഡ്മിറ്റ് ചെയ്ത കുട്ടിക്ക് പെട്ടെന്ന് ത്രോട്ടിൽ വേദന തുടങ്ങുകയും ശ്വാസം കഴിക്കാൻ ബുദ്ധിമുട്ടനുഭവിക്കുകയും ചെയ്തപ്പോൾ ഒരു എമർജൻസി ഓപ്പറേഷൻ തൊണ്ടയിൽ ചെയ്യേണ്ടി വന്നതുകൊണ്ടാണ് അങ്ങനെ ചെയ്തത്. അല്ലാതെ ചെവിക്ക് ചെയ്യേണ്ട ഓപ്പറേഷൻ മാറി തൊണ്ടയ്ക്ക് ചെയ്തതല്ല.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : ഇവിടെ ഇരുപത് സംഭവങ്ങളുണ്ടായിട്ടുള്ളതായി പറഞ്ഞു. അതിൽ നാലെണ്ണത്തിനു അന്വേഷണം പൂർത്തിയായിയെന്നും പറഞ്ഞു. അന്വേഷണം പൂർത്തിയായ കേസ്സുകളിൽ ബന്ധപ്പെട്ടവരുടെ പേരിൽ എന്തു നടപടിയാണ് സ്വീകരിച്ചത് ? അവർ എന്തു കുറ്റമാണ് ചെയ്തിട്ടുള്ളതെന്നു പറയാമോ ?

ശ്രീ. കെ. കരുണാകരൻ : അവർ ഇപ്പോൾ സസ്പെൻഷനിലാണ്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : ഫാമിലി പ്ലാനിംഗിൽ ഇപ്പോൾ വിപുലമായ രീതിയിൽ സ്റ്റെറിലൈസേഷൻ നടക്കുകയാണ്. വേണ്ടത്ര സജ്ജീകരണങ്ങളില്ലാതെ റൂറൽ ഡിസ്പെൻസറികളിൽപോലും ഫാമിലി പ്ലാനിങ്ങിന്റെ സ്റ്റെറിലൈസേഷൻ നടത്തുകയാണ്. അതിന്റെ ഫലമായി അപകടങ്ങൾ സംഭവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണമെന്നുപറയാമോ ?

ശ്രീ. കെ. കരുണാകരൻ : ഇതിനു മറുപടിയായി വിവരം ശേഖരിച്ചു വരുന്നുവെന്നു പറയേണ്ടിവരും. ഗ്രാമപ്രദേശങ്ങളിൽ ഫാമിലിപ്ലാനിങ്ങിൽ സ്റ്റെറിലൈസേഷൻ നടത്തുന്നതിനു അടുത്തകാലത്ത് വ്യാപകമായ സംവിധാനങ്ങളും മറ്റും എർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഇതൊരു പ്രത്യേക ഡയറക്ടറുടെ കീഴിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി : ഡോക്ടർമാരുടെ അനാസ്ഥമൂലം ഉണ്ടാകുന്ന കുഴപ്പങ്ങളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. നമ്മുടെ താലൂക്കാശുപത്രികളിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ കുറവുമൂലമാണ് പലപ്പോഴും ബുദ്ധിമുട്ടുണ്ടാകുന്നത്. അങ്ങ് ഉൽഘാടനം ചെയ്ത എന്റെ നിയോജകമണ്ഡലത്തിലെ താലൂക്കാശുപത്രിയിൽ, കൂടുതൽ ആക്സിഡന്റുകൾ സംഭവിക്കുന്ന പ്രദേശം എന്ന നിലയിൽ, ആലുവാ താലൂക്കാശുപത്രിയിൽ ഒരു ന്യൂറോ സർജനെ നിയമിക്കാമെന്ന് പറയുകയുണ്ടായി. പക്ഷെ നിയമിച്ചപ്പോൾ അനസ്തേഷ്യസ്റ്റിനെയാണ് നിയമിച്ചത്. അവിടെ വേറെ അനസ്തേഷ്യസ്റ്റ് ഉണ്ടായിരുന്നിട്ട് വീണ്ടും ഒരാളെക്കൂടി നിയമിച്ചു. അതേ സമയത്ത് സ്പെഷ്യലൈസ്ഡ് ഡോക്ടർമാർ, അനസ്തേഷ്യസ്റ്റ് തന്നെ ആവശ്യമുള്ള പല താലൂക്കാശുപത്രികളിലും നിയമിക്കാതെ ഡോക്ടർമാരുടെ സൗകര്യത്തിനുവേണ്ടി മാത്രം ഉയർന്ന ഉദ്യോഗസ്ഥൻമാർ ആവശ്യമുള്ള സ്ഥലങ്ങളിൽ കൂടുതലായും ഇല്ലാത്ത സ്ഥലങ്ങളിൽ ഇല്ലാതെയും നിയമിക്കുന്ന സ്ഥിതി മാറണം. അവിടെ ഒരു ന്യൂറോ സർജനെ നിയമിക്കുവാൻ അങ്ങ് നിർദ്ദേശം നൽകുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, ഓപ്പറേഷനു വേണ്ടിയാണല്ലോ സാധാരണ അനസ്തേഷ്യസ്റ്റിനെ നിയമിക്കാറുള്ളത്. അനസ്തേഷ്യ കൊടുത്തിട്ടു വേണമല്ലോ ഓപ്പറേഷൻ നടത്തുവാൻ ? ആക്സിഡന്റ് ഉണ്ടായിക്കഴിഞ്ഞാലുള്ള ഓപ്പറേഷന് ഡോക്ടർമാരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനു ഒരു ഡോക്ടറെ തീർച്ചയായും നിയമിക്കാം.

ശ്രീ. എ. കെ. പത്മനാഭൻ : സർ, കോഴിക്കോട്ട് മെഡിക്കൽ കോളേജിൽ ഡ്യൂട്ടി നേഴ്സിന്റെ അശ്രദ്ധമൂലം ഒരു രോഗി മരിക്കാനിടയായതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം നൽകിയിരുന്നു. ഈ കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ ?

ശ്രീ. കെ. കരുണാകരൻ : അതിന്റെ റിപ്പോർട്ട് കിട്ടിയിട്ടില്ല.

ശ്രീ. കെ. പി. എ. മജീദ് : സാധാരണ ഗതിയിൽ ഉണ്ടാകുന്ന ആക്സിഡന്റുകൾ പോലെയുള്ള കാര്യങ്ങളിൽ ഗവൺമെന്റ് ആശുപത്രികളിൽ മാത്രമേ ഡോക്ടർമാർക്ക് നോക്കാൻ സൗകര്യമുള്ളൂ. നമ്മുടെ ആശുപത്രികളിൽ കൂടുതൽ രോഗികളുടെ തിക്കും തിരക്കും ഉള്ളതുകൊണ്ട് ഇത്തരത്തിൽ അടിയന്തിരമായ കേസുകളെ സംബന്ധിച്ചിടത്തോളം നോക്കാൻ കഴിയാത്തതുകൊണ്ട് പ്രൈവറ്റ് നഴ്സിംഗ് ഹോമുകളിലും അതുപോലെ പ്രൈവറ്റ് ഡോക്ടർമാർക്കും ആക്സിഡന്റ് കേസുകളെ സംബന്ധിച്ച് പരിശോധിക്കുവാനും ചികിൽസിക്കുവാനും ആവശ്യമായ അനുവാദം കൊടുക്കുവാൻ തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, ഏതാനും ചില സ്വകാര്യ ആശുപത്രികൾക്ക് അനുവാദം കൊടുത്തിട്ടുണ്ട്. അവ നല്ല സ്റ്റാന്റേർഡുള്ള ആശുപത്രികളാണ്. നേരെ മറിച്ച് സ്വകാര്യ ആശുപത്രികൾക്കൊക്കെ ഇതിന് അംഗീകാരം കൊടുത്തുകഴിഞ്ഞാൽ വളരെ കോംപ്ലിക്കേഷനുണ്ടാകും, അതൊഴിവാക്കാൻവേണ്ടിയാണ് വളരെക്കാലമായി പ്രവർത്തനത്തിൽ പേരെടുത്തിട്ടുള്ള ഏതാനും ഹോസ്പിറ്റലുകളിൽ അനുവദിച്ചിട്ടുള്ളത്. എറണാകുളത്ത് സ്വകാര്യ മേഖലയിൽ ഒരെണ്ണമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സിറിയക് ജോൺ : സർ, ഭ്രാന്ത് പിടിച്ചാൽ ചങ്ങലയ്ക്കിടാം, പക്ഷെ ചങ്ങലയ്ക്ക് ഭ്രാന്ത് പിടിച്ചാലോ ?

* * * * * * * കോഴിക്കോട് മാനസിക രോഗാശുപത്രിയിൽ നിരവധി ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്, ഈ അടുത്ത കാലത്തും ആ ആശുപത്രിയിൽ രോഗിണികളെ അവിടെയുള്ള വാർഡനെറെതന്നെ ഒത്താശയോടുകൂടി പുറത്തുനിന്നും പോലീസുകാരുൾപ്പെടെയുള്ള ആളുകൾ കടന്നുകയറി ബലാൽസംഗം ചെയ്ത സംഭവം ഉണ്ടായി ഇതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിവരിച്ച പട്ടികയിൽ കുതിരവട്ടം മാനസിക രോഗാശുപത്രിയിലെ സംഭവവും ഉൾപ്പെടുമോ ? ആ സംഭവത്തെ സംബന്ധിച്ചിടത്തോളം എന്തു നടപടി സ്വീകരിച്ചുവെന്ന് പറയാമോ ?

ശ്രീ. കെ. കരുണാകരൻ : ''സംസർഗ്ഗജാ ദോഷ ഗുണാ ഭവന്തി'' എന്നത് ഡോക്ടറും രോഗിയും തമ്മിലുള്ള ബന്ധത്തിൽ വരികയില്ല. ഈ ഡോക്ടറെക്കുറിച്ച് പറയുന്നത് ശരിയല്ല, അദ്ദേഹം വളരെ കോമ്പിറന്റർ ആയിട്ടുള്ള ഒരു ഡോക്ടറാണ്. ഭ്രാന്താശുപത്രിയിൽച്ചെന്നാൽ അവരുമായി പെരുമാറുന്ന ഡോക്ടറെ കാണുമ്പോഴും ഏതെങ്കിലും വിധത്തിൽ അങ്ങനെ ഒരു തോന്നൽ ഉണ്ടാകുമോ എന്നറിയില്ല. ഏതായാലും ഈ ഡോക്ടർ വളരെ കോമ്പിറന്റാണ്. അവിടെയുള്ള പരാതികളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാൻ തന്നെ അവിടെച്ചെന്ന് കാര്യങ്ങൾ നേരിട്ട് കണ്ട് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തുകഴിഞ്ഞു.

ശ്രീ. തോമസ് കല്ലമ്പള്ളി : സർ, ഇന്ന് നമ്മുടെ സർക്കാരാശുപത്രികളിൽ ഡോക്ടർമാരുടെ അനാസ്ഥമൂലം ഉണ്ടാകുന്ന മരണങ്ങളെക്കുറിച്ചു മാത്രമാണ് അന്വേഷണവും നടപടികളും ഉണ്ടാകുന്നത്. നമ്മുടെ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ഡോക്ടർമാരുടെ കുറ്റകരമായ അനാസ്ഥകൊണ്ട് ഉണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് അന്വേഷിക്കുവാനും നടപടി സ്വീകരിക്കുവാനുമുള്ള സംവിധാനം ഉണ്ടാക്കാമോ ?

ശ്രീ. കെ. കരുണാകരൻ : സ്വകാര്യ ആശുപത്രികളിൽ നടക്കുന്ന സംഭവങ്ങളിൽ സാധാരണ ഗതിയിൽ ക്രിമിനൽ കുറ്റം ചെയ്യുന്ന നിലയിൽതന്നെ കൈകാര്യം ചെയ്യുന്നുണ്ട്. അവിടേയും പൊട്ടന്ന് പോലീസുകാർ ചെന്ന് അറസ്റ്റ് ചെയ്യുന്നതിനു പകരം ബന്ധപ്പെട്ട ഒരു മെഡിക്കൽ ആഫീസറെക്കൊണ്ട് കൂടി പരിശോധിപ്പിച്ച് സംശയം തീർത്തശേഷമാണ് നടപടി സ്വീകരിച്ചുവരുന്നത്.

[ശ്രീ. കെ. കൃഷ്ണൻകുട്ടി : 'മാതൃഭൂമി' യുടെ സർവ്വേയിൽ ഒരു ഹൈക്കോടതി ജഡ്ജി ശ്രീ. പത്മനാഭനെ ഹൈഡ്രോസിലിന്റെ ഓപ്പറേഷൻ നടത്തിയപ്പോൾ അദ്ദേഹത്തിന്റെ വൃഷണം എടുത്തു കളഞ്ഞു എന്നൊരു റിപ്പോർട്ട് വന്നിരുന്നു. അതിനെക്കുറിച്ച് അന്വേഷണം നടത്തിയോ ? അതിൽ കേസെടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : പത്രവാർത്തകളെക്കുറിച്ച് അന്വേഷണം നടത്തിയാൽ ഗവൺമെന്റിന് വേറെ സമയം കാണുകയില്ല, പരാതി കിട്ടുന്ന കാര്യമാണെങ്കിൽ അന്വേഷിക്കാം.

** സഭാദ്ധ്യക്ഷന്റെ നിർദ്ദേശ പ്രകാരം സഭ നടപടികളിൽനിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി : ഡോക്ടർമാരുടെ അനാസ്ഥമൂലം ഉണ്ടാകുന്ന അപകടങ്ങളുടെ അടിസ്ഥാനത്തിൽ നടക്കുന്ന പ്രക്ഷോഭണങ്ങളുടെയും ആക്ഷേപങ്ങളുടെയും ഫലമായിട്ട് ഡോക്ടർമാർ വളരെ സീരിയസായിട്ടുള്ള റിസ്ക്കുള്ള ഓപ്പറേഷനുകളൊക്കെ ചെയ്യാതെ മാറുള്ളവർക്ക് ഒഴിഞ്ഞുകൊടുത്ത് അതിൽ നിന്നും രക്ഷപ്പെടാൻ ശ്രമിക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആശുപത്രികളിൽ വരുന്ന ഡോക്ടർമാർക്കും രോഗികൾക്കുമൊക്കെ സൗകര്യമായ വിധത്തിൽ ഒരു റിസ്ക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുവാൻ ഇപ്പോൾ വ്യവസ്ഥയില്ല. അങ്ങനെ വ്യവസ്ഥ ചെയ്യാൻ സാധിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഡോക്ടർമാരെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഭാഗികമായിട്ട് ശരിയാണ്. കാരണം ആത്മാർത്ഥമായി ചെയ്യുന്ന കേസിൽപ്പോലും ലോക്കൽ അജിറേറേഷൻ വന്ന് അവർ കുറ്റവാളികളാണെന്ന് നിശ്ചയിക്കുന്നതിനു മുമ്പ്, അവർ കുറ്റക്കാരാണെന്ന നിലയിൽ പ്രൊസീഡ് ചെയ്യുന്നതുകൊണ്ട് പല ഡോക്ടർമാരും എന്തെങ്കിലും പ്രത്യേക കാരണങ്ങൾകൊണ്ട് റിസ്ക്കെടുക്കാൻ വൈമനസ്യം കാണിക്കുന്നുണ്ട്. യഥാർത്ഥ ഡോക്ടർമാർ ഇങ്ങനെ വൈമനസ്യം കാണിക്കേണ്ട കാര്യമില്ല. അങ്ങനെ ഉണ്ടാവുകയില്ലെന്നാണ് എന്റെ വിശ്വാസം. ഡോക്ടർമാർ മാത്രമല്ല • ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്ന ആളുകൾ എല്ലാ സ്ഥലത്തും ഉള്ളതാണ്. ഡോക്ടർമാരെ സംബന്ധിച്ചിടത്തോളം ഇന്ന് അവർക്ക് പ്രൊട്ടക്ഷനുണ്ട്. പോരാതെ വരുന്ന ഏതെങ്കിലും ഉണ്ടെങ്കിൽ പരിശോധിക്കാം.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വായിച്ച ലിസ്റ്റിൽ ഈ കാലത്തിനിടയ്ക്ക് നടന്ന അപകടമരണങ്ങളും ഡോക്ടർമാരുടെ അനാസ്ഥകൊണ്ട് നടന്ന മരണങ്ങളും തമ്മിൽ യാതൊരു ബന്ധവുമില്ല. മാർച്ച് 15-ാം തീയതി കുന്നംകുളത്ത് ഒരു മുസ്ലീം ചെറുപ്പക്കാരൻ സ്കൂട്ടറിൽ സഞ്ചരിക്കുമ്പോൾ അപകടം പറ്റി കൈ മുറിച്ചു. അയാളെ കോ-ഓപ്പറേറീവ് ആശുപത്രിയിൽ കൊണ്ടുപോയി. അയാൾ നടന്നാണ് പോയത്. ഓപ്പറേഷനുപയോഗിച്ച അനസ്തേഷ്യയിൽ വന്ന തകരാറുമൂലം അയാൾ മരിച്ചു. ശവമാണ് വെളിയിൽ കൊണ്ടുവന്നത്. ഇത് പത്രങ്ങളിലൊക്കെ വന്ന കാര്യമാണ്. ഇത്തരം കേസുകൾ തേച്ചുമാച്ചു കളയുകയാണ് ചെയ്യുന്നത്. ഇങ്ങനെ നിലവിലുള്ള സമ്പ്രദായം മാറി ഇത്തരം കേസുകളിൽ അന്വേഷണം നടത്തി പ്രതിവിധി കാണുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടാക്കാൻ കഴിയുമോ ? ഈ കാര്യത്തിൽ പ്രത്യേകം അന്വേഷിച്ച് നടപടിയെടുക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഇത് വളരെ കോംപ്ലിക്കേറ്റഡാണ്. കാരണം നമ്മൾ കാണുന്നത് ആകണമെന്നില്ല. നടന്നു പോകുന്ന ആളുകൾ പെട്ടെന്നു മരിക്കുന്ന സംഭവമുണ്ട്. അങ്ങനെയുള്ള മരണത്തിന് കാരണം ഹൃദ്രോഗമാകും. അല്ലെങ്കിൽ വേറെ കാരണങ്ങളാലാകും. ഇങ്ങനെയുള്ള കാര്യങ്ങളിൽ പരാതി കിട്ടിയാൽ അന്വേഷിച്ച് നടപടി സ്വീകരിക്കാമെന്നല്ലാതെ സാധാരണക്കാരന്റെ കാഴ്ചപ്പാടിലുള്ള നിഗമനത്തിലെത്തി നടപടി സ്വീകരിക്കുന്നത് ശരിയല്ല.

ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ : സർ, നമ്മുടെ ആശുപത്രികളിൽ ഓപ്പറേഷൻ തിയേറ്ററുകളിൽ ഉപയോഗശൂന്യമായ ഉപകരണങ്ങൾ ഉപയോഗിക്കുന്നതുകൊണ്ട് ടെറനസ് എന്ന മാരക രോഗത്തിന് അടിമപ്പെട്ട് നമ്മുടെ സംസ്ഥാനത്ത് ആളുകൾ മരിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ ഈ ആശുപത്രികളിലെ . ഉപയോഗശൂന്യമായ ഉപകരണങ്ങൾ മാറ്റുവാൻ നടപടി സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : ഓപ്പറേഷന് ഉപയോഗിക്കുന്ന മെറ്റീരിയൽസ് നന്നായി സ്റ്റെർലൈസ് ചെയ്തു മാത്രമേ ഉപയോഗിക്കാവൂ. ഏതെങ്കിലും വിധത്തിൽ അശ്രദ്ധകൊണ്ട് വല്ലതും സംഭവിച്ചിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കാം. ഹോസ്പിറ്റലിലെ എക്വിപ്മെന്റ്സുകളെ സംബന്ധിച്ചിടത്തോളം അവ കേടുകൂടാതെ സൂക്ഷിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കേടുപറ്റിയ ഉപകരണങ്ങൾ ഉപേക്ഷിച്ചാലും വിരോധമില്ലായെന്ന് അവരെ അറിയിച്ചിട്ടുണ്ട്.

ശ്രീ. വി. സി. കബീർ : വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ് എനിക്ക് മുഖ്യമന്ത്രിയോട് ചോദിക്കുവാനുള്ളത്. മുഖ്യമന്ത്രി ഇവിടെ ഒരു ഉപചോദ്യത്തിന് മറുപടി പറഞ്ഞപ്പോൾ രാജ്യം മുഴുവൻ സ്പെറിലൈസേഷൻ ക്യാമ്പുകൾ നടക്കുന്നതായി പറഞ്ഞു. അങ്ങനെ നടന്ന ഒരു കേസിൽ ഒരു സഹോദരി വീണ്ടും ഗർഭിണിയായി. ആ കുട്ടിക്ക് പെൻഷൻ കൊടുക്കേണ്ടത് ഡോക്ടറാണോ അതോ അത് സ്റ്റേറ്റ് ഗവൺമെന്റിന്റെ ബാദ്ധ്യതയാണോ ? അതിനെ സംബന്ധിച്ച പരാതി മുഖ്യമന്ത്രിക്ക് കൊടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് വ്യക്തമായ തീരുമാനം ഉണ്ടാകണം. ഇതിന് ഉത്തരവാദി ആരാണ് ?

ശ്രീ. കെ. കരുണാകരൻ : ആരാണോ അതിനുത്തരവാദി അയാളെ കൊടുത്താൽ മതി.

മി. സ്പീക്കർ : മി. കബീർ ! ദയവായി മുഖ്യമന്ത്രിയെ ഇതിലേക്ക് വലിച്ചിഴയ്ക്കരുത്.

അംഗനവാടികൾ

* 109. [114] ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ :
,, കെ. പി. എ. മജീദ് :
,, കെ. പി. രാമൻ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അംഗനവാടികൾ ഉണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) അംഗനവാടി അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ;

(സി) അംഗനവാടിയിൽ അദ്ധ്യാപകൻമാരെ നിയമിക്കുന്നതിന് എന്തു മാനദണ്ഡമാണുള്ളത് ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) സംസ്ഥാനത്തെ 61 ഐ. സി. ഡി. എസ്. പ്രോജക്ടുകളിലായി 7230 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:

തിരുവനന്തപുരം	678
കൊല്ലം	769
പത്തനംതിട്ട	112
ആലപ്പുഴ	1000
ഇടുക്കി	305

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—I

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ [113] കാണുക

സ്റ്റേറ്റ്മെന്റ്

താഴെ പറയുന്ന പതിനെട്ട് ആശുപത്രികളിലാണ് ഇരുപത് അപകട സംഭവങ്ങൾ ഉണ്ടായിട്ടുള്ളത്.

1. ഗവൺമെന്റ് ആശുപത്രി, പഴയന്നൂർ, തൃശ്ശൂർ.
2. ഗവൺമെന്റ് ആശുപത്രി, മണ്ണാർക്കാട്, പാലക്കാട്.
3. ജില്ലാ ആശുപത്രി, കണ്ണൂർ (രണ്ടു സംഭവങ്ങൾ)
4. ഗവൺമെന്റ് ആശുപത്രി, കോട്ടപ്പുറം, കോഴിക്കോട്.
5. ഗവൺമെന്റ് ആശുപത്രി, ചേർത്തല, ആലപ്പുഴ.
6. ഗവൺമെന്റ് ആശുപത്രി, ചാലക്കുടി, തൃശ്ശൂർ.
7. ഗവൺമെന്റ് ആശുപത്രി, അന്തിക്കാട്, തൃശ്ശൂർ.
8. ജില്ലാ ആശുപത്രി, മാനന്തവാടി.
9. ഗവൺമെന്റ് ആശുപത്രി, വടകര, കോഴിക്കോട്.
10. താലൂക്ക് ആശുപത്രി, ഇരിങ്ങാലക്കുട.
11. ഗവണ്മെന്റ് ആശുപത്രി, തലശ്ശേരി.
12. മാനസിക രോഗാശുപത്രി, തൃശ്ശൂർ.
13. താലൂക്കാശുപത്രി, നെയ്യാറ്റിൻകര, തിരുവനന്തപുരം (രണ്ടു സംഭവങ്ങൾ)
14. ഗവൺമെന്റാശുപത്രി, ചങ്ങനാശ്ശേരി, കോട്ടയം,
15. ഗവൺമെന്റ് ആശുപത്രി, നെടുമങ്ങാട്, തിരുവനന്തപുരം.
16. ഗവൺമെന്റ് ആശുപത്രി, മലപ്പുറം.
17. വിമൻ ആൻറ് ചിൽഡ്രൻസ് ആശുപത്രി, ആലപ്പുഴ.
18. ഗവൺമെന്റാശുപത്രി, കടയ്ക്കൽ, കൊല്ലം.

ഇവയിൽ ഒന്നു മുതൽ നാലു വരെയുള്ള ആശുപത്രികളിൽ നടന്ന സംഭവങ്ങളിൽ കേരളാ സിവിൽ സർവ്വീസ് റൂൾ പ്രകാരം നടപടി സ്വീകരിക്കുകയും കുറ്റക്കാരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

മറ്റുള്ളവരിൽ അഞ്ചു മുതൽ 11 വരെ സൂചിപ്പിച്ചിരിക്കുന്ന ആശുപത്രികളിലെ സംഭവങ്ങളെപ്പറ്റി ആരോഗ്യവകുപ്പ് ഡയറക്ടറും പതിനാലു മുതൽ പതിനെട്ടുവരെ സൂചിപ്പിച്ചിട്ടുള്ള ആശുപത്രികളിലെ സംഭവങ്ങളിൽ സർക്കാർ തലത്തിലും ശിക്ഷണ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പന്ത്രണ്ടാമത് സൂചിപ്പിച്ചിരിക്കുന്ന തൃശ്ശൂർ മാനസിക രോഗാശുപത്രിയിൽ നടന്ന സംഭവത്തിൽ ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ സർക്കാർ തലത്തിലും മറ്റ് സ്റ്റാഫിന്റെ പേരിൽ ആരോഗ്യ വകുപ്പ് ഡയറക്ടറും ശിക്ഷണ നടപടികളും സ്വീകരിച്ചു വരുന്നു. പതിമൂന്നാമതു സൂചിപ്പിച്ചിരിക്കുന്ന നെയ്യാറ്റിൻകര താലൂക്കാശുപത്രിയിലെ രണ്ടു സംഭവങ്ങളിൽ ഒന്നിൽ ആരോഗ്യ വകുപ്പു ഡയറക്ടറും മറ്റേതിൽ സർക്കാർ തലത്തിലും നടപടി എടുത്തു വരുന്നു.

അനുബന്ധം II

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ (130) കാണുക.

I. *Communal Riots*

1. The State Governments are being advised that in the areas which have been identified as communally sensitive and riots prone, District and Police Officials of the highest known efficiency, impartiality and secular

LIBRARY ARCHIVES Kerala Legislative Assembly